(ബി) ഈ പദ്ധതി മൂലം 10,700 ഏക്കർ (4,323 ഹെക്ടർ) സ്ഥലത്ത് ജലസേചനസൗകര്യം ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 1977-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പദ്ധതിക്ക് 842 ലക്ഷം രൂപ ചെലവു വരും.

(സി) പ്ലാനിംഗ് കമ്മീഷന്റെ അവസാന അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) ഈ പദ്ധതിയുടെ പണികൾ തുടങ്ങിക്കഴിഞ്ഞു.

## ചേരി വികസന പരിപാടി

* 791 [860] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു ചേരി വികസന പരിപാടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരളത്തിലെ ചേരിനിർമ്മാർജ്ജന പരിപാടിക്ക് എത്ര കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇക്കാര്യത്തിനു കേന്ദ്രസഹായം ലഭിക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): (എ) കേരള സംസ്ഥാനത്തിൽ ഒട്ടാകെ വ്യാപകമായ ഒരു ചേരി വികസന പരിപാടി ആരംഭിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ സംസ്ഥാനത്തുള്ള വിവിധ നഗരങ്ങളിൽ പല ചേരിവികസന പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. നഗരസഭകളും നടപ്പിലാക്കുന്ന ചേരിവികസന പദ്ധതികൾക്ക് ഗവൺമെന്റ് ധനസഹായം നൽകുന്നുണ്ട്.

(ബി) കേരളത്തിൽ ഒട്ടാകെ ചേരി നിർമ്മാർജ്ജനത്തിന് എത്ര ചെലവു വരുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ചേരി വികസനം, ചേരിനിർമ്മാർജ്ജനം തുടങ്ങിയ പരിപാടികൾക്ക് ഇപ്പോൾ കേന്ദ്രസഹായം ലഭ്യമല്ല.

## കേരളാ സ്മാൾ ഇൻഡസ്ട്രീസ് ആൻഡ് എംപ്ലോയ്മെന്റ് കോർപ്പറേഷനിലെ നിയമനങ്ങൾ

* 792 [861] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്മാൾ ഇൻഡസ്ട്രീസ് ആൻഡ് എംപ്ലോയ്മെന്റ് കോർപ്പറേഷന്റെ കീഴിൽ റോ മെറ്റീരിയൽസ് ഡിപ്പോയുടെ ചാർജ്ജുള്ള ബ്രാഞ്ചു മാനേജരുടെ തസ്തികയുടെ പേരു മാറ്റി പി.എസ്.സി.യും കോർപ്പറേഷനും തീരുമാനിച്ച കാര്യാലിഫിക്കേഷനില്ലാത്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി കോർപ്പറേഷനിലേയ്ക്കു ഡിപ്പാർട്ടുമെന്റിൽ നിന്നും ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ കോർപ്പറേഷനിലെ ജീവനക്കാരായ അതേ കാളിഫിക്കേഷൻ ഉള്ളവരെ നിയമിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം കൂടുതലായി വരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് പറയുമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) എറണാകുളം റോ മെറ്റീരിയൽ ഡിവിഷൻ, കോർപ്പറേഷനിലെ റോ മെറ്റീരിയൽ ഡിവിഷന്റെ ഹെഡ് കാർട്ടേഴ്സ് ആണ്. ഈ ഡിവിഷന്റെ ചുമതല ഇപ്പോൾ ഒരു ഡെപ്യൂട്ടി ജനറൽ മാനേജരാണ് നിർവ്വഹിക്കുന്നത്. ശ്രീ. ജോൺ പി ജോൺ ഈ തസ്തികയിൽ തുടരുന്നു. അദ്ദേഹം ഗവൺമെന്റ് ഫിനാൻസ് വകുപ്പിലെ ഫൈനാൻഷ്യൽ അസിസ്റ്റന്റാണ്. രൂപ 560-1100 (പ്രീ റിവിഷൻ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 12.4.1973-ൽ സ്മാരം ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ എറണാകുളം ഡിപ്പോയുടെ ബ്രാഞ്ച് മാനേജരായി നിയമിതനാകുകയും 6.8.1977-ൽ ടി തസ്തിക സിഡ്കോയുടെ ഡെപ്യൂട്ടി ജനറൽ മാനേജരുടേതായി ഉയർത്തുകയും ചെയ്തു. സ്മാരം ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ബ്രാഞ്ചു മാനേജരുടെ കാളിഫിക്കേഷൻ മെക്കാനിക്കൽ/സിവിൽ എഞ്ചിനീയറിംഗ് ആണ്. ശ്രീ. ജോൺ പി. ജോണിന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് കാളിഫിക്കേഷൻ ഇല്ല.

(ബി) കഴിവും പരിചയവും കണക്കിലെടുത്ത് ചിലരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്.

(സി) ഓരോ വർഷവും ഉദ്ദേശം 60,000 രൂപ അധികച്ചെലവുണ്ടാകും.

## കല്ലട ജലസേചന പദ്ധതി

* 793 [862] ശ്രീ. പി. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ പ്രാരംഭ ഇൻവെസ്റ്റിഗേഷൻകാലത്ത് ഒരു വൈദ്യുതി ഉൽപ്പാദനകേന്ദ്രം കൂടി തുടങ്ങാൻ നിർദ്ദേശമുണ്ടായിരുന്നോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തെ സംബന്ധിച്ച് ഗൗരവമായി പരിഗണിക്കുമോ;

(സി) വലതുകനാൽ കമ്മീഷൻ ചെയ്യുന്നതോടുകൂടി എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായി വരും;

(ഡി) ഒഴിപ്പിക്കലിന് വിധേയരാകുന്നവരുടെ പുനഃരധിവാസ പ്രശ്നത്തെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly